# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1806      21.01.2014-ലെ മറുപടിയ്ക്ക്

### കലാഗ്രാമം

| ചോദ്യം<br>ശ്രീ.കെ.ദാസൻ | | ഉത്തരം<br>ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിൽ ഒരു കലാഗ്രാമം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയോ; | (എ) | നമ്മുടെ കലയും സംസ്ക്കാരവും പൈതൃകവും സംരക്ഷിക്കുകയും ഭാവിതലമുറയ്ക്കും സന്ദർശകർക്കുമായി അവ കാത്തുസൂക്ഷിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെ സംസ്ഥാനത്തെ ഓരോ ജില്ലയിലെയും ഒരു ഗ്രാമപഞ്ചായത്തിൽ കലാഗ്രാമം സ്ഥാപിക്കുക എന്ന നൂതന പദ്ധതി നടപ്പാക്കുന്നതിന് 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 140 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 14 ജില്ലകളിൽ നിന്നായി 14 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഈ പ്രഖ്യാപനം നടപ്പാക്കുന്നതിനായി എന്തു തുകയാണ് ബഡ്ജറ്റിൽ നീക്കിവെച്ചത്; അതിൽ എന്തു തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ? | (ബി) | 2013-14 സംസ്ഥാന പദ്ധതി ഡിമാന്റ് നമ്പർ 35 പഞ്ചായത്ത് - 2515-00-101-61 (NP) എന്ന ശീർഷകത്തിൽ 1000/-രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ